## കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് എറണാകുളം

എഫ്1 -18897/2014 തീയതി- 27.07. 2018

**സർക്കുലർ നമ്പർ- 22/2018-19 തീയതി- 27/07/2018**

വിഷയം- കേരള ചുമട്ട തൊഴിലാളി ക്ഷേമ ബോർഡിന്റെ വിവിധ ഓഫീസുകളിൽ ദിവസ വേതന നിരക്കിൽ ജോലി ചെയ്യുന്ന ഫുൾടൈം ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് നൽകുന്നത് സംബന്ധിച്ച്.

സൂചന- 1) 21/07/2018 ലെ സ.ഉ.(അച്ചടി) 112/2018/ധന നമ്പർ സർക്കാർ ഉത്തരവ്.

2) ചീഫ് എക്സിക്യൂട്ടീവിന്റെ 27/07/2018 തീയതിലെ എഫ് 1-18897/14 നമ്പർ ഉത്തരവ്.

സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം ദിവസ വേതന നിരക്കിൽ വിവിധ കാറ്റഗറികളിൽ ജോലി ചെയ്യുന്ന ഫുൾടൈം ജീവനക്കാരുടെ വേതനം 01.07.2018 മുതൽ പ്രാബല്യത്തോടെ വർദ്ധിപ്പിച്ചത് കേരള ചുമട്ട തൊഴിലാളി ക്ഷേമ ബോർഡിലെ വിവിധ ഓഫീസുകളിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഡ്രൈവർ, ക്ലാസ്സ് IV എന്നീ കാറ്റഗറിയിൽ ദിവസ വേതന നിരക്കിൽ ജോലി ചെയ്യുന്ന എല്ലാ ഫുൾടൈം ജീവനക്കാർക്കും കേരള ചുമട്ടുതൊഴിലാളി ചട്ടം 15 (സി) പ്രകാരം ചീഫ് എക്സിക്യൂട്ടീവിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് 01.07.2018 മുതൽ പുതുക്കിയ ദിവസവേതനം അനുവദിച്ചു കൊണ്ട് സൂചന (2) പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

| ഇനം | കാറ്റഗറി | നിലവിലുള്ള നിരക്ക് | പുതുക്കിയ നിരക്ക് |
|---|---|---|---|
| 1 | ക്ലാർക്ക് | 710/- രൂപ | 725/- രൂപ<br>(പരമാവധി പ്രതിമാസം 20,300/- രൂപ) |
| 2 | ടൈപ്പിസ്റ്റ് | 710/- രൂപ | 725/- രൂപ<br>(പരമാവധി പ്രതിമാസം 20,300/- രൂപ) |
| 3 | ഡ്രൈവർ | 685/- രൂപ | 700/- രൂപ<br>(പരമാവധി പ്രതിമാസം 18900/- രൂപ) |
| 4 | ക്ലാസ്സ് IV ജീവനക്കാർ | 630/- രൂപ | 645/- രൂപ<br>(പരമാവധി പ്രതിമാസം 17420/- രൂപ) |

കേരള ചുമട്ട തൊഴിലാളി ക്ഷേമ ബോർഡിന്റെ ആസ്ഥാന ഓഫീസ്, വിവിധ ജില്ലാ കമ്മിറ്റികൾ, ഉപകാര്യാലയങ്ങൾ എന്നിവിടങ്ങളിലെ എല്ലാ ശമ്പള വിതരണ ഉദ്യോഗസ്ഥന്മാരും തനത് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി വർദ്ധിപ്പിച്ച വേതനം നൽകുന്നതിന് ആവശ്യമായ തുടർ നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്. ഈ സർക്കുലർ എല്ലാ സബ്ഓഫീസുകളിലും ജില്ലാകമ്മിറ്റികൾ വിതരണം ചെയ്യേണ്ടതും ഇതിന് മറുകുറി അയക്കേണ്ടതുമാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്
(ഇൻ ചാർജ്ജ്)

**സ്വീകർത്താവ്**

**എല്ലാ ജില്ലാ കമ്മിറ്റി ചെയർമാന്മാർക്കും / പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാനും**

(കമ്മിറ്റി ചെയർമാൻ, കമ്മിറ്റിയ്ക്കു കീഴിലുള്ള എല്ലാ ഉപകാര്യാലയങ്ങൾക്കും ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾക്കായി അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

**പകർപ്പ്**

ഫൈനാൻസ് ഓഫീസർ
അക്കൗണ്ട്സ് ഓഫീസർ(ഡബ്ലിയു & ഇ),(പി& എ), (ഐ.എ)
ജൂനിയർ സൂപ്രണ്ട്(എല്ലാ സെക്ഷനുകളിലും)
ബിൽ/എസ്.എഫ്/സ്പെയർ

//ഉത്തരവിൻ പ്രകാരം//

Jayaprakash

സൂപ്രണ്ട്